ICAR-KVK, CARD
Pathanamthitta

# NEWS LETTER

## വാർത്താപത്രിക

July-December 2024 | Vol. 22 | No.2

## സമൂഹത്തിന്റെ സമഗ്ര വികസനത്തിനായി....



പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സമഗ്രമായ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് ഭാരത സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.ഇതിന്റെ ഭാഗമായി ICAR പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം SC-ST വിഭാഗത്തിലുള്ളവരെ കാർഷിക മേഖലയിൽ നൈപുണ്യ വികസന പരിശീലനം നൽകി വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ പിന്തുണ നൽകിവരുന്നു. ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളെ പട്ടികജാതി പട്ടികവർഗ്ഗ ഉപ പദ്ധതി, ICAR-NBAIR ന്റെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഗ്രോബാഗിലെ ഇഞ്ചി, കുരുമുളക്, പച്ചക്കറി തൈകൾ, പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗുകൾ, ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ, സ്പ്രേയറുകൾ, തെങ്ങുകയറ്റ യന്ത്രം, ബ്രഷ് കട്ടർ തുടങ്ങിയ ഉദ്പാദനോപാധികൾ വിതരണം ചെയ്തു. സമൂഹത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വെച്ചുകൊണ്ട് തുടർന്നും ഇത്തരം പദ്ധതികൾ ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമാകും വിധം നടപ്പിലാക്കാൻ കൃഷി വിജ്ഞാന കേന്ദ്രത്തിലെ വിദഗ്ധസംഘം സന്നദ്ധരാണ്.



ഏറത്ത് കൃഷിഭവൻ പരിധിയിലെ തിരഞ്ഞെടുക്കപ്പെട്ട പട്ടികജാതി വിഭാഗ കർഷകർക്ക് കാർഷികവിള പരിശീലനത്തിനായുള്ള പ്രത്യേക പദ്ധതിക്ക് ബഹു. നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാർ ഉദ്ഘാടനം നിർവ്വഹിക്കുന്നു

## കർഷകർക്ക് കരുത്തായി ഡ്രോൺ സാങ്കേതികവിദ്യ



ജില്ലയിലെ കാർഷിക പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിക്കൊണ്ട് കെവികെയുടെ ഡ്രോൺ സാങ്കേതികവിദ്യയുടെ ഉദ്ഘാടനം ICARATARI, ബംഗളൂരു, ഡയറക്ടർ ഡോ. വി.വെങ്കിട സുബ്രഹ്മണ്യൻ നിർവഹിച്ചു. കാർഷിക മേഖലയിലെ ഉൽപാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കാൻ ഡ്രോൺ സാങ്കേതികവിദ്യ ഫലപ്രദമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. വിള നിരീക്ഷണം, കാര്യക്ഷമമായ വള പ്രയോഗം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഈ നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താവുന്നതാണ്. ഡ്രോൺ സാങ്കേതികവിദ്യ കൃഷിയിൽ ഉപയോഗിക്കുന്നത് കൊണ്ടുള്ള നേട്ടങ്ങൾ കർഷകരിലേക്ക് എത്തിച്ച് അവബോധം നൽകുന്നതിനും ഇതിന്റെ പ്രവർത്തനങ്ങൾ നേരിട്ട് കാണുവാനുമായി ജില്ലയിലെ 8 ബ്ലോക്കുകളിൽ നിന്നും കൃഷിക്ക് പ്രാമുഖ്യം ഉള്ള തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ കെ വി കെയുടെ ആഭിമുഖ്യത്തിൽ 250 മാതൃകാ പ്രദർശനങ്ങൾ നടത്തുകയുണ്ടായി.

## കാട്ടുമൃഗങ്ങളിൽ നിന്നും കാർഷിക വിളകളെ സംരക്ഷിക്കുന്നതിനുള്ള സെമിനാർ സംഘടിപ്പിച്ചു



കെവികെ യുടെ ആഭിമുഖ്യത്തിൽ കാട്ടുമൃഗങ്ങളിൽ നിന്നും ഉള്ള കാർഷിക വിളകളുടെ സംരക്ഷണം വെല്ലുവിളികളും സാധ്യതകളും എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. വന്യമൃഗശല്യം മൂലം കർഷകനും പ്രാദേശിക സമൂഹവും നേരിടുന്ന വെല്ലുവിളികൾ ചർച്ചചെയ്യുകയും അത് ലഘൂകരിക്കുന്നതിനുള്ള നൂതനമായ പരിഹാര മാർഗ്ഗങ്ങൾ സെമിനാറിൽ അവതരിപ്പിക്കുകയും ചെയ്തു. പരിപാടിയുടെ ഉദ്ഘാടനം കെവികെയുടെ ചെയർമാൻ അഭിവന്ദ്യ ഡോ. യുയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത നിർവ്വഹിച്ചു. കാർഡ് ഡയറക്ടർ റവ.മോൻസി വർഗീസ് അധ്യക്ഷത വഹിച്ചു. പരിപാടിയുടെ ഭാഗമായി സോളാർ വേലി, വന്യമൃഗങ്ങളെ വികർഷിക്കുന്നതിനു വേണ്ടിയുള്ള മറ്റുപാധികൾ തുടങ്ങി വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും വിളകളെ സംരക്ഷിക്കുന്നതിനുള്ള നൂതന ആശയങ്ങളുടെയും സാങ്കേതിക വിദ്യകളുടേയും പ്രദർശനവും സംഘടിപ്പിച്ചു. കൂടാതെ, ഇത്തരത്തിലുള്ള നൂതന ആശയങ്ങളുടെ ഉപയോഗരീതി വ്യക്തമാക്കുന്നതിനായി പ്രായോഗിക പരിശീലനവും നടത്തി.

# HIGHLIGHTS

Krishi Vigyan Kendra organized a total of 87 trainings including online training programmes. During the period a total number of 1865 participants including 51% female benefitted from the training programme.

## നൈപുണ്യ വികസന പരിശീലനങ്ങൾ

**1) എഫ്പിഒ കളുടെ ശാക്തീകരണം :**



ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷന്റെ വളർച്ചയ്ക്കും വിജയത്തിനും ആവശ്യമായ വൈദഗ്ധ്യം നൽകുക എന്ന ലക്ഷ്യത്തോടെ കെവി കെയുടെ ആഭിമുഖ്യത്തിൽ ഏറത്ത് എഫ്പിഓ യുടെ ഓഹരി ഉടമകൾക്കായി അഞ്ചുദിവസത്തെ നൈപുണ്യ വികസന പരിശീലന പരിപാടി സംഘടിപ്പിച്ചു. എഫ്പിഓകളുടെ സംഘടനാഘടനയും ഭരണവും മെച്ചപ്പെടുത്തിക്കൊണ്ട് സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പരിശീലനത്തിൽ ഉൾപ്പെടുത്തി.

**2) പ്രകൃതി കൃഷിയുടെ പ്രചാരണം**



പ്രകൃതി കൃഷിയുടെ ആശയങ്ങൾ കൂടുതൽ കർഷകരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ മല്ലപ്പള്ളി, പുളിക്കീഴ് എന്നീ ബ്ലോക്കുകളിലായി രണ്ടുദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സൂസൻ തോമസ് പരിപാടി ഉദ്ഘാടനം ചെയ്തു. അഗ്രോണമി വിഭാഗം സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ.വിനോദ് മാത്യു, പ്രകൃതി കർഷകയായ ശ്രീമതി വാണി എസ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. പരിപാടിയുടെ ഭാഗമായി പ്രകൃതികൃഷിക്ക് അനുയോജ്യമായ ഉൽപാദനപാധികളുടെ നിർമ്മാണ രീതിയിൽ പ്രായോഗിക പരിശീലനവും സംഘടിപ്പിച്ചു.

## MANAGEMENT DEVELOPMENT PROGRAMME




The newly recruited Senior Scientists and Heads of KVKs from Ananthapur, Nalgonda, Dharmapuri, and Nilgiris districts underwent a 10-day Management Development Programme (MDP). This programme, part of the 2nd Phase of the 9th MDP organized by ICAR-NAARM, Hyderabad, aimed to orient the Heads of KVKs regarding the various activities of KVKs. The participants were made aware of effective office administration practices, record-keeping and management strategies to enhance the operational efficiency of their respective KVKs. Also, the programme included field visits to various OFT and FLD plots.

## പി എം കുസും പദ്ധതി ഏകദിന ശില്പശാല

കാർഷിക മേഖലയിലെ ഊർജ്ജ ആവശ്യങ്ങൾ സൗരോർജ്ജത്തിലൂടെ നിറവേറ്റുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാനമന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉത്താൻ മഹാബിയാൻ (പി എം കുസും) പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് ഏകദിന ശില്പശാല സംഘടിപ്പിച്ചു. ന്യൂ ആൻഡ് റിന്യൂവബിൾ എനർജി മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശില്പശാല കാർഡ് ഡയറക്ടർ റവ മോൻസി വർഗീസ് ഉദ്ഘാടനം ചെയ്തു. നാഷണൽ സ്കിൽ ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ പ്രതിനിധി ശ്രീ കെ. പി. സായിരാജ് ശില്പശാലയ്ക്ക്, നേതൃത്വം വഹിച്ചു.




## ദേശീ (DAESI) ഡിപ്ലോമ കോഴ്സിന് തുടക്കം കുറിച്ചു




ശാസ്ത്രീയവും സുസ്ഥിരവുമായ പ്രകൃതി സൗഹൃദ കൃഷിയുടെ അടിസ്ഥാന പാഠങ്ങൾ പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ കാർഷികോൽപാദനോപാധികൾ വിപണനം ചെയ്യുന്ന വ്യാപാരികൾക്കായി ഒരു വർഷം ദൈർഘ്യമുള്ള അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ സർവീസ് ഫോർ ഇൻപുട്ട് ഡീലേഴ്സ് (DAESI) എന്ന ഡിപ്ലോമ കോഴ്സ് പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാനകേന്ദ്രത്തിൽ ആരംഭിച്ചു. ഭാരത സർക്കാരിന്റെ കാർഷിക സഹകരണ കർഷകക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ഹൈദരാബാദിലെ MANAGE എന്ന സ്ഥാപനമാണ് കോഴ്സിന് രൂപം നൽകിയിരിക്കുന്നത്. പത്തനംതിട്ട ജില്ലയിൽ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സമേതിയും ആത്മയും കെവികെയും സംയുക്തമായാണ് ഡിപ്ലോമ കോഴ്സ് നടപ്പിലാക്കുന്നത്.ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി ചെയർമാൻ ശ്രീ ജിജി മാത്യു അധ്യക്ഷത വഹിച്ച പരിപാടി ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ ബീനാ പ്രഭ ഉദ്ഘാടനം ചെയ്തു.

## RURAL AGRICULTURAL WORK EXPERIENCE



A five-week RAWE programme was conducted from 24th September 2024, where in 18 students from three universities viz. Guru kashy University, Bhatinda, Sri Megh Singh College, B.R. Ambedkar University, Agra and Lovely Professional University, Punjab participated.

# TECHNOLOGY ASSESSMENT

### Assessment of growth performance of turkey breeds in the homesteads



An On-Farm Trial (OFT) was conducted to assess the growth performance of different turkey breeds in homesteads, aiming to reduce dependency on neighbouring states for poultry meat. The trial compared two breeds: Beltsville Small White (BSW) and Broad Breasted Bronze (BBB).The technology was sourced from KVASU and reared under homestead conditions. Growth performance was evaluated based on body weight and benefit-cost ratio. The results showed that BSW achieved an average weight of 4.3 kg with a B.C ratio of 1.68, whereas BBB attained 3.82 kg with a B.C ratio of 1.40.

### Assessment of processing methods to enhance the quality of dried turmeric fingers



The assessment of turmeric processing methods focused on improving quality and reducing drudgery. Traditional boiling with plantain leaves and sun drying took the longest (74.5 hours) with a net return of ₹312/kg and a B.C ratio of 1.92:1. Slicing and sun drying reduced drying time to 32 hours, increasing the net return to ₹353/kg but with a lower B.C ratio of 1.84:1. Cabinet drying at 60-65°C cut drying time to 17.5 hours, yielding ₹333/kg with a B.C ratio of 1.95:1. Steam boiling, slicing, and cabinet drying was the most efficient, taking 15 hours with a net return of ₹330/kg and the highest B.C ratio of 1.96:1. The KAU (2024) method took 24.5 hours with ₹300/kg net return and a 1.85:1 B.C ratio. Steam boiling, slicing, and cabinet drying proved the most time-efficient and economically viable method.

# TECHNOLOGIES DEMONSTRATED

### Combination herbicides for control of Weeds in Rice



A field demonstration was conducted to evaluate the effectiveness of a combination herbicide (Cyhalofop-Butyl 5.1% + Penoxsulam 1.02% at 1 litre/acre + Carfentrazone-ethyl 40% DF at 15 g/acre) applied 18 DAS for weed control in rice. The results showed a significant reduction in weed density by 72.88%, leading to an 11.11% increase in yield compared to the untreated check. The demonstration plot recorded a higher net return with a B:C ratio of 1.58. Farmers reported effective control of resistant weeds like Cyperus difformis, Fimbristylis miliacea, and Ludwigia perennis.

### Eco friendly management of fusarium wilt in banana using ICAR FUSICONT (Biofungicide)



A demonstration on the eco-friendly management of Fusarium wilt in banana using ICAR FUSICONT (biofungicide) was conducted through soil drenching at 2, 4, 6, and 8 MAP. The results showed a 46.1% reduction in disease incidence and a 24.68% increase in yield compared to the untreated check. The demo plot recorded a higher net return with a B:C ratio of 2.19. Farmers observed improved plant growth and disease control but faced challenges in sourcing FUSICONT in rural markets.

### Calcium and Boron for Gamboge management in Mangosteen



The Frontline Demonstration (FLD) on calcium and boron application for Gamboge management in mangosteen aimed to enhance farmer income by improving crop productivity and marketability. Conducted across five demonstration units covering 0.10 hectares, the intervention significantly increased yield from 33 kg (control) to 63.9 kg per tree, marking a 93.6% improvement.

# EMPOWERMENT OF SC-ST COMMUNITY

**NBAIR programme:** KVK in collaboration with ICAR-National Bureau of Agricultural Insect Resources (NBAIR), organized a series of capacity-building programmes aimed at enhancing the skills and livelihoods of Scheduled Caste (SC) beneficiaries. A total of 96 beneficiaries from Vadasserikkara and Ranni-Perunad Panchayat in Ranni Block, Eraviperoor Panchayat in Koipuram Block, and Erathu Panchayat in Parakode Block participated in the training sessions. The programme was launched at Erathu panchayat by Shri. Chittayam Gopakumar, the Hon'ble Deputy Speaker of Kerala. and essential inputs were distributed to beneficiaries to facilitate the practical application of the knowledge gained.

**SC-SP & TSP programme:** Implemented in Naranamoozhy and Ranni-Perunad, Koipuram Panchayats of Pathanamthitta district to enhance the livelihoods of marginalized communities under the Scheduled Caste Sub-Plan (SCSP) and Tribal Sub-Plan (TSP) initiatives. This initiative focused grow bag vegetable, ginger and bush pepper cultivation, backyard poultry farming to ensure economic upliftment and nutritional security. Beneficiaries were provided with essential inputs to support their activities.





## IMPORTANT DAY CELEBRATIONS

### TREE PLANTING CAMPAIGN



**Tree planting campaign :** The 3rd phase of tree planting campaign aims to combat climate change and promote sustainable agriculture by enhancing green cover. On this occasion, 400 plants including fruit plants, arecanut and timber were planted by the KVK staff and farmers. . This collective effort reflects the shared responsibility towards environmental stewardship and the importance of involving all generations in the pursuit of a greener, healthier planet.




JAN JATIYA GAURAV DIWAS



WORLD SOIL DAY

### SWACHH BHARAT

Swachhta Pakhwada, Swachhta Special Campaign 4.0, Swachhata Hi Seva were organized as part of Swachh Bharat programme from September to December and total of 352 farmers attended the event.





### OUR DOCUMENTARIES

## ലോക ഭക്ഷ്യ ദിനാചരണം




കെവികെയുടെ ആഭിമുഖ്യത്തിൽ തിരുവല്ല മഞ്ഞാടി മാമ്മൻ മത്തായി നഗർ ഹാളിൽ ലോകഭക്ഷ്യദിനത്തോട് അനുബന്ധിച്ച് നടന്ന പരിപാടി ബഹുമാനപ്പെട്ട അഡ്വ.മാത്യു ടി. തോമസ് എം.എൽ എ ഉദ്ഘാടനം ചെയ്തു. ICAR സോൺ 11 ഡയറക്ടർ ഡോ. വി. വെങ്കിടസുബ്രഹ്മണ്യൻ മുഖ്യപ്രഭാഷണം നടത്തി. കാർഡ് ഡയറക്ടർ റവ. മോൻസി വർഗീസ് ലോകഭക്ഷ്യദിന സന്ദേശം നൽകി. കൃഷി വിജ്ഞാന കേന്ദ്രം മേധാവിയും സീനിയർ സയന്റിസ്റ്റുമായ ഡോ.സി.പി.റോബർട്ട്, പ്രൻസിപ്പിൽ കൃഷി ഓഫീസർ ശ്രീമതി ഐവി കോശി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സുമംഗല, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് മുൻ സയന്റിസ്റ്റ് ഡോ.ബാസവരാജ, ആത്മാ പ്രോജക്റ്റ് ഡയറ്കടർ ശ്രീമതി ഗിരിജാ ഡി, മുൻസിപ്പൽ കൗൺസിൽ ശ്രീമതി സാറാമ്മ ഫ്രാൻസിസ്, ശ്രീ.പി.സി.മാത്യു, ഡോ.ഷാനാ ഹർഷൻ, എന്നിവർ പ്രസംഗിച്ചു. വിവിധ മേഖലകളിൽ മികവ് തെളിയിച്ച സംരംഭകരെ ചടങ്ങിൽ ആദരിച്ചു മുതിർന്നവർക്കും കുട്ടികൾക്കുമായി പോഷക ഉൽപ്പന്നങ്ങളുടെ പ്രദർശനവും മത്സരവും സംഘടിപ്പിച്ചു.

### FARMER'S COLUMN

## തേനൂറും മധുരവുമായി അനൂപിന്റെ വിജയഗാഥ



എൻജിനീയറിങ് ബിരുദത്തിനു ശേഷം ആ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെ തേനീച്ച വളർത്തലിൽ താൽപര്യം തോന്നുകയും 10 തേനീച്ച പെട്ടികൾ കൊണ്ട് തന്റെ ജീവിതത്തിൽ മറ്റൊരു അധ്യായം തുറക്കുകയും ചെയ്ത വ്യക്തിയാണ് ചിറ്റാർ സ്വദേശിയായ ശ്രീ. അനൂപ് ബേബി സാം. 12 വർഷമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന 32 കാരനായ ശ്രീ. അനൂപ് ഇന്ന് പ്രതിവർഷം 30 ലക്ഷം രൂപ ലാഭം തരുന്ന 'നിലക്കൽ ബി ഗാർഡൻസ്' എന്ന സംരംഭത്തിനുടമയാണ്. പ്രാരംഭഘട്ടത്തിൽ കൃത്യമായ പരിശീലനത്തിന്റെ അഭാവം മൂലം നിരവധി വെല്ലുവിളികൾ നേരിട്ടെങ്കിലും ദൃഢനിശ്ചയത്തോടെ തന്റെ ആശയങ്ങളിൽ ഉറച്ചുനിന്നു. ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം, ഖാദി ബോർഡ്, ഹോർട്ടികോർപ്, KVIC തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിദഗ്ധമായ മാർഗ്ഗനിർദ്ദേശങ്ങൾ അദ്ദേഹത്തിന്റെ മുന്നോട്ടുള്ള യാത്രയിൽ പ്രചോദനമായി.

തേനീച്ച വളർത്തലിൽ ഇദ്ദേഹം ഒരു സംരംഭകൻ മാത്രമല്ല, കൃഷിയെപ്പറ്റി അറിയാൻ ആഗ്രഹിക്കുന്നവർക്ക് ഒരു വഴികാട്ടി കൂടിയാണ്. 10 തേനീച്ച പെട്ടികളുമായി ആരംഭിച്ച സംരംഭത്തിൽ ഇപ്പോൾ 500600 വൻതേനീച്ച കോളനികളും 300 ലേറെ ചെറുതേനീച്ച കോളനികളുമുണ്ട്. കൂടാതെ, തേൻ അടിസ്ഥാനമാക്കിയുള്ള 25ലധികം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഇദ്ദേഹം നിർമ്മിച്ച് വില്പന നടത്തുന്നുണ്ട്. സംരംഭകത്വ മേഖലയിലേക്ക് കടന്നുവരാൻ താല്പര്യമുള്ളവർക്ക് ശ്രീ. അനൂപിന്റെ വിജയഗാഥ ഒരു പ്രചോദനമാണ്.

Printed @ J.J. Graphic, Plankamon, 7025773070

Printed and Published by : Dr. C.P. Robert, Senior Scientist & Head, Editors : Dr.Sindhu Sadanandan & Ms.Gayathri S.
Technical Inputs: Dr. Vinod Mathew, Dr. Shana Harshan, Dr. Alex John , Dr. Rincy K Abraham, Dr. Sency Mathew, Ms. Ambily Varughese, Mr. Binu John